# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5254 27.06.2019-ൽ മറുപടിക്ക്

## ബാസ്റ്റൻ ബംഗ്ലാവിൽ ജില്ലാ പൈതൃക മ്യൂസിയം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന ബാസ്റ്റൻ ബംഗ്ലാവിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) & (ബി) | കേരള പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ എറണാകുളം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൺ ബംഗ്ലാവ് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്മാരകത്തിന്റെ ഘടനാപരമായിട്ടുള്ള സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പരിസര വികസനം, സന്ദർശകർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ, സി.സി.ടി.വി, തിയേറ്റർ സംവിധാനം, ഗ്യാലറികളുടെ ചെറിയ തോതിലുള്ള സജ്ജീകരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൊച്ചിയുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന തരത്തിൽ ഗ്യാലറികൾ സജ്ജീകരിക്കുന്നതിനും പ്രദർശന വസ്തുക്കളുടെ ക്രമീകരണത്തിനുമുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള നടപടികൾ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേന ആരംഭിച്ചിട്ടുണ്ട്.<br><br>ടി പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി മ്യൂസിയം പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത മ്യൂസിയം എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ